Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ല – മുളക്കുഴ ഗ്രാമപഞ്ചായത്ത് - 2000-01 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2(II) – സർക്കാർ സാധൂകരണം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്

സ.ഉ (സാധാ)നം.1854/2013/തസ്വഭവ. തിരുവനന്തപുരം, തീയതി: 16.07.2013

പരാമർശം:

1. മുളക്കുഴ ഗ്രാമപഞ്ചായത്തിന്റെ 18.09.2012-ലെ യോഗത്തിന്റെ 4(1)-ാം നമ്പർ തീരുമാനം.
2. ആലപ്പുഴ ജില്ലാ ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 25.09.2012-ലെ I-ാം നമ്പർ തീരുമാനം.
3. ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 17.10.2012-ലെ ഇ 6-12219/12 നമ്പർ കത്ത്.
4. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 04.03.13-ലെ എൽ.എഫ് 24163/പിറ്റി1/2012-ാം നമ്പർ കത്ത്.

## ഉത്തരവ്

ആലപ്പുഴ ജില്ലയിലെ മുളക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2000-01 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2 (11) - സമഗ്ര നെൽക്കൃഷി വികസനപദ്ധതി തുകയിൽ നിന്നും ഉത്പാദന ബോണസായി നൽകിയ 48039/-രൂപ (നാൽപ്പത്തി എണ്ണായിരത്തി മുപ്പത്തൊമ്പത് രൂപ മാത്രം) ഓഡിറ്റിൽ തടസ്സപ്പെടുത്തിയത് സർക്കാർ സാധൂകരണം നൽകണമെന്ന മുളക്കുഴ ഗ്രാമപഞ്ചായത്തിന്റെ പരാമർശം 1-ലെ യോഗതീരുമാനത്തിന്റേയും ആലപ്പുഴ ജില്ലാ ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ പാരമർശം 2-ലെ തീരുമാനത്തിന്റേയും അടിസ്ഥാനത്തിൽ പരാമർശം 3-ലെ കത്തു പ്രകാരം ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അപേക്ഷിക്കുകയുണ്ടായി.

കാർഷിക മേഖലയിൽ നെല്ലുത്പാദനം വർദ്ധിപ്പിക്കുകയെന്ന സദുദ്ദേശം മുൻനിർത്തി സാധൂകരണം നൽകാവുന്നതാണെന്ന് പരാമർശം 4-ലെ കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അറിയിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുളക്കുഴ ഗ്രാമപഞ്ചായത്തിന്റെ പരാമർശം 1-ലെ യോഗതീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ പരാമർശം 2-ലെ തീരുമാനം എന്നിവ പരിഗണിച്ചും, ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പരാമർശം 4-ലെ ശുപാർശയുടെ അടിസ്ഥാനത്തിലും മുളക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2000-01 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലെ 2(11) ഖണ്ഡികയിലെ സമഗ്ര നെൽകൃഷി വികസന പദ്ധതി തുകയിൽനിന്നും ഉത്പാദന ബോണസായി 48039/- രൂപ (നാൽപ്പത്തി എണ്ണായിരത്തി മുപ്പത്തൊൻപത് രൂപ മാത്രം) നൽകിയ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ജവഹറ ബീവി.എ,
ഡെപ്യൂട്ടി സെക്രട്ടറി.

സെക്രട്ടറി, മുളക്കുഴ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ/ എൽ.ബി.എ &എ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് , വികാസ് ഭവൻ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, ആലപ്പുഴ.
വെബ് & ന്യൂ മീഡിയ സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം. ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഐ.കെ.എം, പ്രതീക്ഷ, പാങ്ങപ്പാറ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.